**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3531** **27-06-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ തോമസ് കെ തോമസ്,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ** | | **ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാന കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നൂതന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.<br><br>**എ) കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപന പദ്ധതികൾ**<br><br>a. കാർഷിക വിളകളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ആയതിലൂടെ കർഷകരുടെ വരുമാനം മെച്ചപ്പെടുന്നതിനുമായി 2022-23 സാമ്പത്തിക വർഷം തൊട്ട് നടപ്പാക്കുന്ന പദ്ധതികളാണ് കൃഷിയിടാസൂത്രണാധിഷ്ഠിത വികസന സമീപനത്തിൽ ഉൾപ്പെട്ട പദ്ധതികൾ(Farm Plan based Production Program). കർഷകരുടെ വരുമാനം, സുസ്ഥിരത, ഭക്ഷ്യസുരക്ഷ, പാരിസ്ഥിതിക സ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിന് വിള-കേന്ദ്രീകൃത സമീപനത്തിന്റെ അപര്യാപ്തത കണക്കിലെടുത്തുകൊണ്ട് ലഭ്യമായ വിഭവങ്ങൾ സുസ്ഥിരമായ രീതിയിൽ കാര്യക്ഷമമായും വിവേചനാപരവുമായി ഉപയോഗിക്കുന്നതിനും ഉറപ്പായ വരുമാനം കർഷകർക്ക് ലഭിക്കുന്നതിനുമായി വിള അടിസ്ഥാനമാക്കിയുള്ള വികസനത്തിൽ നിന്നും കൃഷിയിടാധിഷ്ഠിത (ഫാം പ്ലാൻ) വികസന സമീപനത്തിലുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നു. കൃഷി വകുപ്പിനോടൊപ്പം കേരള കാർഷിക സർവ്വകലാശാല, കേരള സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും പദ്ധതിക്കുവേണ്ട സാങ്കേതിക പിന്തുണ നൽകുന്നു. പ്രസ്തുത പദ്ധതികൾക്കായി 2024-25-ൽ 2000.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സമീപനത്തിൽ നടപ്പിലാക്കുന്ന മൂന്ന് പദ്ധതികൾ താഴെ പറയുന്നവയാണ്. |

1.കൃഷിയിടാസൂത്രണാധിഷ്ഠിത ഉല്പാദന പരിപാടികൾ - ഉല്പാദന പൂർവ്വ പിന്തുണ(Pre-Production Support) ഉൾപ്പെടെ.

2. ഉല്പാദക സംഘടനകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമുള്ള പദ്ധതി.

3. കൃഷിയിടാസൂത്രണാധിഷ്ഠിത സമീപനവുമായി സംയോജിപ്പിച്ച് വിതരണ ശൃംഖല (Supply Chain)/ മൂല്യശൃംഖല(Value chain) വികസനത്തിനായുള്ള പദ്ധതി.

**ബി) കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യ വർധിത ശൃംഖല നവീകരണ പദ്ധതി**

ചെറുകിട കർഷകർ, കാർഷിക അധിഷ്ഠിത സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സ്റ്റാർട്ടപ്പുകൾ എന്നിവയിലൂടെ കേരളത്തിലെ ഭക്ഷ്യ-കാർഷിക മേഖലയുടെ വാണിജ്യവൽക്കരണം വർദ്ധിപ്പിക്കുകയും അത് വഴി പ്രാദേശിക സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരള കാർഷിക കാലാവസ്ഥാ പ്രതിരോധ മൂല്യവർദ്ധിത ശൃംഖല നവീകരണ പദ്ധതി (കേര)' 2024-25 വർഷം മുതൽ നടപ്പിലാക്കും.

**സി) ഉറസ്സായ കൃഷിയിടങ്ങളിലെ കൃത്യതാ കൃഷി**

പരമ്പരാഗത കൃഷിരീതികളുമായി താരതമ്യപ്പെടുത്തുമ്പോൾ, ശരാശരി വിളവ് വർദ്ധിപ്പിക്കുന്നതിന് കൃത്യമായ അളവിൽ ഉല്പാദനോപാധികൾ ഉപയോഗിക്കുന്ന ഒരു സമീപനമാണ് കൃത്യതാ കൃഷി അല്ലെങ്കിൽ പ്രിസിഷൻ ഫാമിംഗ്. ഈ കൃഷി രീതിയിലൂടെ ഉല്പാദനം കൂട്ടുന്നതിനോടൊപ്പം ഉല്പാദന ചെലവുകൾ കുറയുകയും ചെയ്യും. 2023-24 സാമ്പത്തിക വർഷം തൊട്ട് പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി "ഉറസ്സായ കൃഷിയിടങ്ങളിലെ കൃത്യതാ കൃഷി" എന്ന പുതിയ ഘടകം നടപ്പിലാക്കി വരുന്നു.

**ഡി) വിള വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതി**

ഉൽപ്പാദനക്ഷമത, സുസ്ഥിരത എന്നിവ മെച്ചപ്പെടുത്തുന്നതിനും പാരിസ്ഥിതിക സന്തുലിതാവസ്ഥ സൃഷ്ടിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതിയാണ് വിള വൈവിധ്യവൽക്കരണത്തിനുള്ള പദ്ധതി. ഇടവിളയായിട്ടോ, പ്രാഥമിക വിളയ്ക്ക് ശേഷമോ, അല്ലെങ്കിൽ പ്രധാന വിളയായിട്ടോ മറ്റ് ഉയർന്ന മൂല്യമുള്ള വിളകളുടെ പ്രോത്സാഹനമാണ് ഈ

| | | | |
|---|---|---|---|
| | | | പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലെ കാലാവസ്ഥയിലും മണ്ണിലും ചെറുധാന്യങ്ങൾ, ചെറുപയർ, ഉഴുന്ന് തുടങ്ങിയ പയർവർഗ്ഗങ്ങളും എള്ള്, നിലക്കടല തുടങ്ങിയ എണ്ണ വിത്തുകളും ആദായകരമാണെന്ന് തെളിയിക്കപ്പെട്ടിട്ടുണ്ട്. ഇവ നെല്ലിന്റെ കാലാനുസൃതമായ തരിശുനിലങ്ങളിലും തെങ്ങ് പോലുള്ള തോട്ടവിളകളുടെ ഇടവിളയായിട്ടും കൃഷി ചെയ്യാനും സാധിക്കും. ഇത്തരത്തിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുവാൻ 'വിള വൈവിധ്യവൽക്കരണം, വിളതീവ്രത, അവതരണം' എന്ന പദ്ധതി 2023-24 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു.<br><br>**ഇ) കാർഷിക വിവര ശേഖരണത്തിനായി ഏകീകൃത പ്ലാറ്റ് ഫോം**<br><br>കാർഷിക മേഖലയിൽ സംയോജിത ഡിജിറ്റൽ പ്ലാറ്റ് ഫോം, "കതിർ " എന്ന നാമകരണത്തിൽ രൂപീകരിച്ച് പ്രവർത്തനക്ഷമമായിട്ടുണ്ട്.<br><br>**എഫ്) സങ്കരയിനം പച്ചക്കറി തൈ, വിത്ത് വിതരണം**<br><br>അത്യുൽപ്പാദന ശേഷിയും രോഗ പ്രതിരോധ ശക്തിയുമുള്ള സങ്കരയിനം പച്ചക്കറി തൈ, വിത്ത് എന്നിവ വിതരണം ചെയ്യുന്നതിനായി നടപ്പു സാമ്പത്തിക വർഷം പദ്ധതി വിഹിതത്തിൽ നിന്നും 250.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>സംസ്ഥാനത്തെ കാർഷിക മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കാർഷിക മിഷൻ, പോഷക സമൃദ്ധി മിഷൻ എന്നീ മിഷനുകളും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |
| (ബി) | കാർഷിക മേഖലയിൽ, പ്രത്യേകിച്ച് നെൽകർഷകർക്ക് കൂടുതൽ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (ബി) | കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന് അനുവദിക്കുന്ന ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ തുക വകയിരുത്തുന്നത് നെൽകൃഷി വികസന പദ്ധതിയ്ക്കാണ്. കാർഷിക മേഖലയ്ക്ക് അനുവദിച്ചു നൽകുന്ന ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുന്ന എല്ലാ പദ്ധതികൾക്കും പ്രത്യേകിച്ച് നെൽ കൃഷി വികസന പദ്ധതിയ്ക്കും സാമ്പത്തിക വർഷത്തിന്റെ ആദ്യ ഘട്ടത്തിൽ തന്നെ ഭരണാനുമതി നൽകുന്നതാണ്. 2024-25ൽ 2024 മെയ് മാസത്തിൽ നെൽകൃഷി വികസന പദ്ധതിയ്ക്ക് തുടർ ഭരണാനുമതി നൽകിയിട്ടുണ്ട് .<br><br>ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നിർവ്വഹണത്തിനുള്ള മാർഗ്ഗരേഖ തയ്യാറാക്കി സബ് ഓഫീസുകളിലേക്ക് നൽകുകയും പദ്ധതി |

| | | | |
|---|---|---|---|
| | | | നിർവ്വഹണത്തിനായുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ